# ആമുഖം

എ.ഡി. 70-നു ശേഷം ഗ്രീസിൽ വച്ച്  ഈ സുവിശേഷം വിരചിതമായി എന്നു കരുതപ്പെടുന്നു. മത്തായിയും മർക്കോസും ഉപയോഗിച്ച മൂലരേഖകൾക്കു  പുറമേ, മറ്റുപാരമ്പര്യങ്ങളും ഈ സുവിശേഷരചനയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നുവേണം അനുമാനിക്കാൻ. കാരണം, മത്തായിയുടെ സുവിശേഷത്തിൽ നിന്നു വ്യത്യസ്തമായ ബാലകാലസുവിശേഷം, സ്നാപകയോഹന്നാനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ, നല്ല സമരിയാക്കാരന്റെ ഉപമ, മർത്തായെയും മറിയത്തെയും കുറിച്ചുള്ള വിവരണം, ധൂർത്തപുത്രന്റെ ഉപമ, ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ, സക്കേവൂസിന്റെ ചരിത്രം, ഹേറോദേസിന്റെ മുമ്പാകെയുള്ള വിസ്താരം, എമ്മാവൂസിലേക്കു പോയ ശിഷ്യരുടെ അനുഭവം തുടങ്ങി മറ്റു സുവിശേഷങ്ങളിൽ കാണാത്ത പലതും ലൂക്കായുടെ സുവിശേഷത്തിലുണ്ട്.

മൂന്നാമത്തെ സുവിശേഷത്തിന്റെ രചയിതാവ് ലൂക്കാ ആണെന്നത്രേ സഭയിലെ പരമ്പരാഗതമായ വിശ്വാസം. മുററ്റോറിയൻ കാനോൻ (Muratorian) എന്നറിയപ്പെടുന്ന ബൈബിളിലെ കാനോനിക പുസ്തകങ്ങളുടെ പട്ടികയിൽ നിന്നാണ് ഈ പാരമ്പര്യത്തെക്കുറിച്ച് നാം ആദ്യമായി മനസ്സിലാക്കുന്നത്.

A.D. 180 കാലയളവിലാണു മുററ്റോറിയൻ കാനോനിന്റെ ഉദ്ഭവം എന്നത്രേ കരുതപ്പെടുന്നത്. എ എൽ. മുററ്റോറി എന്ന പണ്ഡിതന് 1740-ൽ മിലാനിലുള്ള അംബ്രോസിയൻ ലൈബ്രറിയിൽ നിന്നാണ് ഇതു കണ്ടെത്തിയത്. അദ്ദേഹത്തിന്റെ പേരിനെ ആസ്പദമാക്കി ഇത് മുററ്റോറിയൻ കാനോൻ എന്നറിയപ്പെടുന്നു. ലൂക്കായെക്കുറിച്ച് അതിൽ ഇപ്രകാരം പറയുന്നു: 'മൂന്നാമത്തെ സുവിശേഷം ലൂക്കാ എഴുതിയതാണ്. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം രചനാതല്പരനായ ലൂക്കായെ പൗലോസ് തന്റെ സഹചാരിയാക്കി. താൻ കേട്ടിട്ടുള്ള കാര്യങ്ങളെ ആധാരമാക്കിയാണ് ലൂക്കാ സുവിശേഷം രചിച്ചത്. കാരണം, അദ്ദേഹം കർത്താവിനെ നേരിട്ടു കണ്ടിട്ടില്ല.......'

**എന്താണ് P75 കൈയെഴുത്തുപ്രതി?**

പാപ്പിറസ് 75 (മുമ്പ് പാപ്പിറസ് ബോഡ്മർ XIV-XV, ഇപ്പോൾ ഹന്ന പാപ്പിറസ് 1), ലൂക്കോസിന്റെ സുവിശേഷം 3:18-24:53, യോഹന്നാൻ 1:1-15:8 എന്നിവയിൽ നിന്നുള്ള വാചകം ഉൾക്കൊള്ളുന്ന പാപ്പിറസിൽ എഴുതിയ ഒരു ആദ്യകാല ഗ്രീക്ക് പുതിയനിയമ കൈയെഴുത്തുപ്രതിയാണ് . 'ലൂക്കോസിന്റെ സുവിശേഷം' എന്ന തലക്കെട്ട് അതിൽ അടങ്ങിയിരിക്കുന്നു, രചയിതാവ് വൈദ്യനായ ലൂക്കോസിനാണെന്ന പരമ്പരാഗത വാദത്തെ ഇത്  പിന്തുണയ്ക്കുന്നു.

1950 കളിൽ കണ്ടെത്തിയ ഈ കോഡെക്സ് ഒരുകാലത്ത് സ്വിസ് പുസ്തക ശേഖരണക്കാരനായ മാർട്ടിൻ ബോഡ്മറിന്റേതായിരുന്നു (അതിനാൽ അതിന്റെ യഥാർത്ഥ പേര്, പി. ബോഡ്മർ XIV-XV).

ഈ സുവിശേഷത്തിന്റെ കർത്താവ് ലൂക്കാ ആണെന്ന് രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്ന ഇറനേവൂസ് എന്ന സഭാപിതാവും സാക്ഷ്യപ്പെടുത്തുന്നു. രണ്ടാം നൂറ്റാണ്ടവസാനം രചിക്കപ്പെട്ട 'ലൂക്കായുടെ സുവിശേഷത്തിന് ആമുഖം' എന്ന മറ്റൊരു പ്രാചീനഗ്രന്ഥവും മൂന്നാമത്തെ സുവിശേഷം ലൂക്കായുടേതാണെന്ന് ഊന്നിപ്പറയുന്നു: 'ലൂക്കാ സിറിയായിലുള്ള അന്ത്യോക്യക്കാരനായിരുന്നു. അദ്ദേഹം അപ്പസ്തോലന്മാരുടെ ശിഷ്യനായിരുന്നു; പൗലോസിന്റെ രക്തസാക്ഷിത്വംവരെ, അദ്ദേഹത്തിന്റെ അനുചരനും... അക്കായിയായിൽ മതപരിവർത്തനം ചെയ്തവർക്കുവേണ്ടി പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലാണ് ഇതു രചിച്ചത്. പില്കാലത്ത് 'അപ്പസ്തോലപ്രവർത്തനങ്ങൾ' രചിച്ചതും ഈ ലൂക്കാ തന്നെ'.

തെർത്തുല്യൻ, ഒരിജൻ, എവുസേബിയൂസ്, ജെറോം തുടങ്ങിയവർ മേല്പറഞ്ഞ പാരമ്പര്യം അംഗീകരിക്കുന്നു. മൂന്നാമത്തെ സുവിശേഷത്തിന്റെ രചയിതാവ് പൗലോസിന്റെ സുഹൃത്താണെന്നും, അദ്ദേഹം തന്നെയാണ് അപ്പസ്തോലപ്രവൃത്തിയുടെ കർത്താവെന്നും ഇവരെല്ലാവരും കൃത്യമായി പറയുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ 'പ്രിയങ്കരനായ ഭിഷഗ്വരൻ' (കൊളോ 4:14), 'സഹപ്രവർത്തകൻ' (ഫിലെ 24), പൗലോസിന്റെ സ്നേഹിതൻ (2 തിമോ 4:11) എന്നൊക്കെയാണു ലൂക്കായെ വിശേഷിപ്പിച്ചിരിക്കുന്നത്. മാത്രവുമല്ല, അപ്പസ്തോലപ്രവർത്തനങ്ങളിൽ പലയിടത്തും 'ഞങ്ങള്—വാക്യങ്ങൾ' നാം  കണ്ടുമുട്ടാറുണ്ട് (16:10-17; 20:5-15; 21:18; 27:1-28-16). ഈ വാക്യങ്ങളിലെല്ലാം 'ഞങ്ങൾ' എന്ന ബഹുവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. 'ഞങ്ങൾ' എന്നാൽ പൗലോസും ലൂക്കായും. ഇതിന്റെ അർത്ഥം ചില പ്രേഷിത യാത്രകളിലെങ്കിലും ലൂക്കാ പൗലോസിനെ അനുഗമിച്ചിരുന്നു എന്നാണ്. ലൂക്കായുടെ സുവിശേഷവും അപ്പസ്തോലപ്രവർത്തനങ്ങളും ഒരേ ഗ്രന്ഥകാരന്റെ രണ്ടു രചനകളാണെന്നാണു പണ്ഡിതന്മാർ സാർവത്രികമായി അംഗീകരിച്ചിരിക്കുന്നത്. അപ്പസ്തോലപ്രവർത്തനങ്ങളുടെ ആമുഖത്തിൽ സുവിശേഷമാണ് തന്റെ ആദ്യകൃതിയെന്ന് അദ്ദേഹം തന്നെ എടുത്തുപറഞ്ഞിട്ടുണ്ട്. രണ്ടു കൃതികളും സമർപ്പിച്ചിരിക്കുന്നതും തെയോഫിലോസിനു തന്നെ (ലൂക്കാ 1:3; അപ്പ 1;1). സിറിയായിലുള്ള അന്ത്യോക്യക്കാരനും വിജാതീയരിൽനിന്നു മതപരിവർത്തനം ചെയ്ത വിദ്യാസമ്പന്നനായ ഒരു ക്രിസ്ത്യാനിയുമായിരിക്കണം ലൂക്കാ.

ലൂക്കോസിന്റെ സുവിശേഷത്തിന്റെയും അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ  എന്ന പുസ്തകത്തിന്റെയും രചയിതാവായിരുന്നു ലൂക്കാ. ലൂക്കാ തന്റെ രണ്ട് പുസ്തകങ്ങളിലും സ്വന്തം പേര് പറയുന്നില്ല, പക്ഷേ മൂന്ന് ലേഖനങ്ങളിൽ പൗലോസ് അവനെ പേര് പരാമർശിക്കുന്നു. ലൂക്കോസും പ്രവൃത്തികളുടെ പുസ്തകവും ഒരേ വ്യക്തിയെ, തിയോഫിലസിനെ, അഭിസംബോധന ചെയ്യുന്നു (ലൂക്കോസ് 1:3; അപ്പ  1:1). തിയോഫിലസ് ആരാണെന്ന് ആർക്കും കൃത്യമായി അറിയില്ല, പക്ഷേ രണ്ട് അനുബന്ധ പുസ്തകങ്ങളും എഴുതിയതിലെ ലൂക്കോസിന്റെ ഉദ്ദേശ്യം യേശുക്രിസ്തുവിന്റെ വ്യക്തിയെയും പ്രവർത്തനത്തെയും കുറിച്ച് തിയോഫിലസിന് കൃത്യമായി അറിയാൻ വേണ്ടിയായിരുന്നുവെന്ന് നമുക്കറിയാം (ലൂക്കോസ് 1:4). ഒരുപക്ഷേ, തിയോഫിലസിന് ക്രിസ്തീയ ഉപദേശത്തിന്റെ അടിസ്ഥാനകാര്യങ്ങൾ ഇതിനകം ലഭിച്ചിട്ടുണ്ടാകാം, പക്ഷേ ഇതുവരെ അവയിൽ പൂർണ്ണമായും വേരൂന്നിയിരുന്നില്ല.

**17,2: തിരികല്ല്:** പൊടിമില്ലിലെ വലിയൊരു കല്ല്. ഈ വാക്ക് നീതിവിധിയെ സൂചിപ്പിക്കുന്നു (വെളി 18,21).

**17,4: ഏഴു പ്രാവശ്യം:** അളവറ്റ കരുണയുടെ സൂചന (യാക്കോ 2,13). മത്താ 18,22.

**17,10: പ്രയോജനമില്ലാത്ത ദാസന്മാർ:** അവരുടെ ജോലി സുപ്രധാനമാണെങ്കിലും ഉത്തരവാദിത്വം നിറവേറ്റുക മാത്രമാണ് അവർ ചെയ്യുന്നത്. ഒരിക്കലും തങ്ങളുടെ സേവനത്തിന് അഭിനന്ദനങ്ങൾ കാംക്ഷിക്കരുത്.

**17,11-19:** സമരിയാക്കാരനായ കുഷ്ഠരോഗിയുടെ നന്ദിപ്രകടനം ലൂക്കായുടെ സുവിശേഷത്തിൽ മാത്രമേ വായിക്കാനാകൂ. ഇതാകട്ടെ, യഹൂദനല്ലാത്ത ഒരു മനുഷ്യനെക്കുറിച്ചുള്ള യേശുവിന്റെ നല്ല പരാമർശമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. നല്ല സമരിയാക്കാരന്റെ ഉപമയും ശ്രദ്ധിക്കുക (10,25-37). യേശുവിൽ വിശ്വസിച്ചതുവഴി വിജാതീയൻ രക്ഷിക്കപ്പെടുന്നു (cf. 7,50; 8,48.50). പുറത്തുള്ളവരിലേക്ക് വ്യാപിപ്പിച്ച ദൈവകൃപയെക്കുറിച്ചുള്ള ലൂക്കോസിന്റെ വിശാലമായ സന്ദേശവുമായി പ്രതിധ്വനിക്കുന്ന ഒരു പ്രമേയം.

**17,12: അകലെ നിന്നിരുന്ന:** കുഷ്ഠരോഗികൾ അശുദ്ധരായിരുന്നതുകൊണ്ട് ദേവാലയത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയും വരേണ്യസമൂഹത്തിൽ നിന്നു ഭ്രഷ്ടരാക്കപ്പെടുകയും ചെയ്തിരുന്നു (ലേവ്യ 13,45.46; സംഖ്യ 5,23). അവർ സുഖം പ്രാപിക്കുകയും ലേവായരുടെ അംഗീകാരം ലഭിക്കുകയും ചെയ്താൽ മാത്രമേ ഇസ്രായേലിന്റെ ഉടമ്പടിജീവിതത്തിലേക്കുള്ള പുനഃപ്രവേശനം സാധ്യമാകൂ. 5,12.

**17,18: ഈ വിജാതീയൻ:** എലീഷാ വിജാതീയനായ നാമാനെ സുഖപ്പെടുത്തിയ സംഭവത്തെ ഇത് അനുസ്മരിപ്പിക്കുന്നു (2 രാജാ 5,1-14); വിജാതീയരെ ദൈവത്തിന്റെ ഉടമ്പടിക്കുടുംബത്തിലേക്കു ദത്തെടുക്കുന്നതിനെക്കുറിച്ചുള്ള പ്രവചനവും (ഏശ 56,3-8) ഇവിടെ പൂർത്തിയാകുന്നു. ശുദ്ധരാക്കപ്പെട്ട പത്തുപേരിൽ സമരിയാക്കാരൻ മാത്രമേ കൃതജ്ഞതയും (17,16) വിശ്വാസവും (17,19) പ്രകാശിപ്പിച്ചുള്ളൂ.
**17,20-37:** യേശുവിന്റെ സാന്നിധ്യംമൂലം ദൈവരാജ്യം ഇപ്പോൾ തന്നെ അവരുടെയിടയിൽ സന്നിഹിതമാണ് (20.21). എന്നാൽ മനുഷ്യപുത്രന്റെ അപ്രതീക്ഷിതമായ പുനരാഗമനത്തിനായി ജാഗ്രതയോടെ കാത്തിരിക്കാനും (22-37) യേശു നിർദേശിക്കുന്നു.

**17,21: നിങ്ങളുടെ ഇടയിൽ:** 'എൻതോസ്' എന്ന ഗ്രീക്കുപദത്തിന് 'ഇടയിൽ' എന്നും 'ഉള്ളിൽ' എന്നും അർഥങ്ങളുണ്ടെങ്കിലും ദൈവരാജ്യത്തിന്റെ സാന്നിധ്യവും സാമീപ്യവും വ്യക്തമാക്കുന്ന മറ്റു ഭാഗങ്ങളുടെ വെളിച്ചത്തിൽ (10,9.11; 11,20) 'നിങ്ങളുടെ ഇടയിൽ' എന്നതുതന്നെയാണ് മെച്ചം.
**17,35:** ചില കൈയെഴുത്തുപ്രതികളിൽ 36-ാം വാക്യംകൂടി കാണുന്നു:
'രണ്ടു പുരുഷൻമാർ വയലിൽ ആയിരിക്കും; ഒരാൾ എടുക്കപ്പെടും; മറ്റേയാൾ അവശേഷിക്കും'.

**17,37: എവിടെ?:** 21.23 വാക്യങ്ങളുമായി ഈ ചോദ്യത്തിനു ബന്ധമുണ്ട്. ദൈവരാജ്യം എവിടെ എന്നതാണ് ഈ ഭാഗത്തിന്റെ (17,20-37) മുഖ്യ അന്വേഷണം. ക്രിസ്തുവിൽ എന്നതാണ് ഏക ഉത്തരം. ക്രിസ്തുവിന്റെ പ്രഥമ ആഗമനവും (21) രണ്ടാം ആഗമനവും (22-36) ദൈവരാജ്യത്തിന്റെ സാന്നിധ്യാനുഭവമാണ്. ശവം എവിടെയോ: ഇത് ഒരു ആലങ്കാരികപ്രയോഗമാണ്. (ഈ വചനം പരിഷ്കരിച്ച POC ബൈബിളിൽ 37 ആം വാക്യമാണ്). എല്ലാം കേന്ദ്രീകരിച്ചിരിക്കുന്നത് ക്രിസ്തുവിൽതന്നെ എന്നർഥം. ക്രിസ്തു എവിടെയോ അവിടെയാണ് എല്ലാത്തിന്റെയും പരിസമാപ്തി.

**18,3: ഒരു വിധവ:** ഇസ്രായേലിൽ വിധവകൾ മിക്കപ്പോഴും ദുർബലരും നിസ്സഹായരും ആയിരുന്നു; അവരെ തുണയ്ക്കാൻ ഇസ്രായേലിൽ നിയമാനുശാസനം ഉണ്ടായിരുന്നു (നിയ 26,12). അവരുടെ ദുരവസ്ഥയിൽ യേശുവും ലൂക്കായും ആർദ്രത നിറഞ്ഞ സമീപനം കൈക്കൊള്ളുന്നു (2,37; 4,25.26; 7,12; 20,47; 21,3).
18,6: നീതിരഹിതനായ ആ ന്യായാധിപൻ: വിധവയുടെ ദുരിതത്തോടുള്ള അയാളുടെ നിസംഗത ഒരു നീതിനിഷേധമായിരുന്നു (നിയ 27,19). നിരന്തരം അപേക്ഷിക്കുന്ന ഒരു വിധവയെ നീതിരഹിതനും നിർദയനുമായ ന്യായാധിപൻ സഹായിക്കുമെങ്കിൽ, നിരന്തരം പ്രാർഥിക്കുന്ന തന്റെ മക്കളുടെ സഹായത്തിന് സ്വർഗീയപിതാവ് അതിലേറെ ശ്രദ്ധാലുവായിരിക്കും (പ്രഭാ 35,12).

**18,11: നിന്നുകൊണ്ട്:** പ്രാർഥിക്കുമ്പോഴുള്ള പതിവു ശാരീരികനില (മത്താ 6,5; മർക്കോ 11,25). ആരാണ് ഫരിസേയർ? (മർക്കോ 2).

**18,13: ചുങ്കക്കാരൻ:** ഫരിസേയർ പാപികളെന്നും രണ്ടാംകിട പൗരന്മാർ എന്നും കരുതിയിരുന്നവർ. മർക്കോ 2,14.
**18,15-17:** 9-14 വാക്യങ്ങളിൽ ചിത്രീകരിക്കപ്പെട്ട ഫരിസേയമനോഭാവത്തിനും 18-30 വാക്യങ്ങളിൽ കാണുന്ന ധനികനായ അധികാരിയുടെ മനോഭാവത്തിനും നേർവിപരീതം. ശിശുക്കളുടെ തുറവും ആശ്രയബോധവുമാണ് ദൈവരാജ്യത്തിൽ പ്രവേശിക്കാനുള്ള യോഗ്യത.

**ശിശുക്കൾ (18,15)** നവജാതൻ അഥവാ പിഞ്ചുകുഞ്ഞ് എന്നർഥം വരുന്ന 'ബ്രെഫോസ്' എന്ന ഗ്രീക്കുപദം പുതിയനിയമത്തിൽ എട്ടുതവണ ഉപയോഗിച്ചിരിക്കുന്നു. വിവിധ സന്ദർഭങ്ങളിൽ ഈ പദത്തിന് രണ്ടുതരം അർഥങ്ങളുണ്ടെന്നു കാണാം: 1. ഗർഭസ്ഥശിശുവായ സ്നാപകയോഹന്നാനെയും (1,41-44) പുല്ത്തൊട്ടിയിൽ കിടക്കുന്ന യേശുവിനെയും (2,12-16) ഇസ്രായേലിലെ നവജാതരെയും (അപ്പ 7,19) സൂചിപ്പിക്കാൻ ലൂക്കാ ഇത് ഉപയോഗിക്കുന്നു. നവജാതശിശുക്കൾക്കും ദൈവരാജ്യം സ്വന്തമാണെന്ന ധാരണ ഈ പ്രയോഗങ്ങളിലൂടെ

നമുക്കു ലഭിക്കുന്നു; 2. ആത്മീയപാലനത്തിനായി ദാഹിക്കുന്ന നവാഗതരായ ക്രിസ്ത്യാനികളെ ചിത്രീകരിക്കാൻ പത്രോസ് ഇത് ആലങ്കാരികമായി പ്രയോഗിക്കുന്നു (1 പത്രോ 2,2). ഇതിൽനിന്ന് എളിമയും ആഗ്രഹവും വിധേയത്വവുമുള്ളവർ ദൈവരാജ്യത്തിന് അർഹരാണെന്ന സന്ദേശവും ലഭിക്കുന്നു.

**18,35: ജറീക്കോ:** ജറുസലേമിൽനിന്ന് ഏകദേശം 27 കിലോമീറ്റർ വടക്കുകിഴക്ക്. ഒന്നാം നൂറ്റാണ്ടോടുകൂടി ജനവാസമില്ലാതായ പഴയനിയമകാലത്തെ ജറീക്കോപട്ടണത്തിൽനിന്ന് ഏകദേശം ഒന്നര കിലോമീറ്റർ അകലെയായി മഹാനായ ഹേറോദേസ് അതു പുനരുദ്ധരിച്ചു (ജോഷ്വ 6,26). **ഒരു കുരുടൻ:** മർക്കോസ് ഇയാളെ ബർത്തിമേയൂസ് എന്നു വിളിക്കുന്നു (മർക്കോ 10,46). വിരോധാഭാസമെന്നു പറയട്ടെ, അന്ധനായ യാചകൻ, തന്നെ ശാസിച്ച ജനക്കൂട്ടത്തെക്കാൾ വ്യക്തമായി യേശുവിനെ തിരിച്ചറിഞ്ഞു (18,39).

**18,38: ദാവീദിന്റെ പുത്രൻ:** ഇസ്രായേലിനു ദൈവത്തിന്റെ സൗഖ്യം കൊണ്ടുവരുമെന്നു കരുതപ്പെട്ടിരുന്ന മിശിഹാ (4,18; ഏശ 35,4-6; മർക്കോ 11,2-5). മഹാനായ സൗഖ്യദായകനും ഭൂതോച്ചാടകനുമായി യഹൂദപാരമ്പര്യം ആദരിച്ചിരുന്ന സോളമൻരാജാവിന്റെ കാല്പാടുകൾ മിശിഹാ പിന്തുടരും (ജ്ഞാനം 7,20; മർക്കോ 12,22.23). ലൂക്കാ 2,11; മത്താ 9,27.
**19,8: നാലിരട്ടി:** കവർച്ചയ്ക്ക് ഏറ്റവും കടുത്ത പരിഹാരം (പുറ 22,1).

**19,13: പത്തുനാണയങ്ങൾ:** അക്ഷരാർഥത്തിൽ, പത്തു മീനകൾ. ഒരു മീന = 100 ദ്രാക്മ. ഒരു തൊഴിലാളിയുടെ 4 മാസത്തെ വേതനം. മത്തായിയുടെ ഉപമയിൽ നിന്നു വ്യത്യസ്തമായി ഇവിടെ നാണയങ്ങൾ തുല്യമായാണ് വിതരണം ചെയ്യുന്നത്.

**19,27: കൊന്നുകളയുവിൻ:** എ.ഡി. 70-ലെ ജറുസലേമിന്റെ പതനം ചൂണ്ടിക്കാട്ടുന്നു (13,34.35; 19,41-44; 21,20-24).

**19,28-21,38:** യേശുവിന്റെ രാജകീയപ്രവേശനത്തോടെ ജറുസലേമിലെ അവിടത്തെ പ്രബോധനശുശ്രൂഷയ്ക്ക് ആരംഭം കുറിക്കുന്നു (19,47; 21,1-4; 21,37.38; 22,53). മത്താ 21,1-11; മർക്കോ 11,1-10; യോഹ 12,12-19.
19,28: ജറുസലേമിലേക്കു കയറി: 9,51-ൽ ആരംഭിച്ച നീണ്ട യാത്ര ലക്ഷ്യസ്ഥാനത്തെത്തുന്നു (13,22-33; 17,11; 18,31; 19,11).

**19,29: ബേത്ഫഗെ ... ബഥാനിയാ:** ജറുസലേമിനു മൂന്നു കിലോമീറ്റർ ചുറ്റളവിലുള്ള രണ്ടു ഗ്രാമങ്ങൾ (യോഹ 11,18). മർക്കോ 11,1. ഒലിവുമല: കിഴക്ക് നഗരത്തിനഭിമുഖമായി സ്ഥിതിചെയ്യുന്നു. ഇവിടെയാണ് യേശുവും ശിഷ്യരും പെസഹാരാത്രിയിൽ തങ്ങിയത് (21,37).

**19,30: ഒരു കഴുതക്കുട്ടി:** മത്തായി കഴുതയെയും കഴുതക്കുട്ടിയെയും കുറിച്ച് എഴുതിയിരിക്കുന്നു (മത്താ 21,7). മനുഷ്യരാരും ഇരുന്നിട്ടില്ലാത്തതുകൊണ്ട് കഴുതക്കുട്ടി വിശുദ്ധമായ ഉപയോഗത്തിനു യോഗ്യമായിരുന്നു (സംഖ്യ 19,2; 1 സാമു 6,7). നഗരത്തിലേക്കുള്ള യേശുവിന്റെ പ്രവേശനത്തിലൂടെ സഖറിയായുടെ രാജകീയപ്രവചനം (9,9) പൂർത്തിയാകുന്നു. യേശു സമാധാനത്തിൽ വരുന്നുവെന്ന് കഴുതക്കുട്ടിയുടെ പ്രതീകം സൂചിപ്പിക്കുന്നു. മറിച്ചായിരുന്നുവെങ്കിൽ അവിടന്ന് പടക്കുതിരയുടെമേൽ വരുമായിരുന്നു (സഖ 9,10).
19,38: രാജാവ് വാഴ്ത്തപ്പെട്ടവൻ: 13,35-ലെ യേശുവിന്റെ വാക്കുകൾ നിറവേറ്റിക്കൊണ്ട് ജനക്കൂട്ടം ജയഘോഷത്തോടെ സങ്കീ 118,26 ആലപിച്ച് യേശുവിനെ രാജാവായും (ലൂക്കായിൽ മാത്രം, cf.1,32) വരാനിരിക്കുന്നവനായും (മലാ 3,1; ലൂക്കാ 7,19) സ്വീകരിക്കുന്നു. പെസഹാതിരുനാൾ, ആഴ്ചകളുടെ തിരുനാൾ, കൂടാരത്തിരുനാൾ എന്നിവയ്ക്കായി ജറുസലേമിലേക്കു യാത്രചെയ്തിരുന്ന യഹൂദതീർഥാടകർ ഹല്ലേൽ സങ്കീർത്തനങ്ങൾ (113-118) പതിവായി ആലപിച്ചിരുന്നു.

**19,41-44:** ജറുസലേമിനെക്കുറിച്ചുള്ള ഈ വിലാപവും ഈ സുവിശേഷത്തിന്റെ പ്രത്യേകതയാണ്. സമാധാനത്തിനുവേണ്ടി വാദിക്കുന്ന യേശുവിനെ സ്വീകരിക്കായ്കമൂലം ജറുസലേം ആക്രമണത്തിനു വിധേയമാകുമെന്ന് സൂചന. പഴയനിയമപ്രവചനങ്ങളുടെ ശൈലിയിലാണ് യേശു സംസാരിച്ചത് (ഏശ 29,1-3; ജറെ 6,6; എസെ 4,1-3). ജറുസലേം തന്റെ അതിക്രമങ്ങൾ ആവർത്തിക്കുന്നതുകൊണ്ട് ബി.സി. 586-ൽ നേരിട്ടതുപോലുള്ള നാശം വീണ്ടുമുണ്ടാകും. എ.ഡി. 70-ൽ റോമൻപട്ടാളം ജറുസലേമിനെ വളയുകയും ദേവാലയം തകർക്കുകയും ചെയ്തു (21,20).

**19,45.46:** ജറുസലേംനഗരത്തിൽ പ്രവേശിച്ചയുടനെ അധികാരത്തോടെ തന്റെ ആലയത്തിലെത്തിയ (മലാ 3,1-3) യേശു അവിടത്തെ പ്രബോധനശുശ്രൂഷ അരങ്ങേറേണ്ട ദേവാലയം ശുദ്ധീകരിക്കുന്നു (ഏശ 56,7; ജറെ 7,11). മത്താ 21,12-17; മർക്കോ 11,15-19; യോഹ 2,13-22.
**20,9-19: മുന്തിരിത്തോട്ടവും കൃഷിക്കാരും:** ഒന്നാംനൂറ്റാണ്ടിൽ പലസ്തീനായിൽ ഭൂവുടമകളും കൃഷിക്കാരും തമ്മിലുള്ള പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്ന് ചരിത്രം പറയുന്നു. ഇതാകട്ടെ പലസ്തീനായുടെ സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളുടെ പ്രതിഫലനവുമായിരുന്നു. തന്റെ പ്രബോധനങ്ങൾ തള്ളിക്കളയുന്ന പുരോഹിതപ്രമുഖന്മാരെയാണ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരായി യേശു ചിത്രീകരിക്കുന്നതെന്നതു വ്യക്തം (20:19). ഇസ്രായേൽ, യാഹ്‌വേയുടെ മുന്തിരിത്തോപ്പ് ആയിട്ടാണ് മിക്കപ്പോഴും പഴയനിയമത്തിൽ ചിത്രീകരിക്കപ്പെടുന്നത് (സങ്കീ 80,8; ഏശ 5,1-7; ജറെ 2,21; ഹോസി 10,1). മർക്കോ 12,1-12.

**20,15: വെളിയിലേക്കെറിഞ്ഞു കൊന്നുകളഞ്ഞു:** മർക്കോ 12,8-ൽ കൊലപാതകം നടക്കുന്നത് മുന്തിരിത്തോട്ടത്തിന് അകത്തുവച്ചാണ്. എന്നാൽ മരണം നടക്കുന്നത് മുന്തിരിത്തോട്ടത്തിനു പുറത്തുവച്ചാണെന്ന് ലൂക്കാ

എഴുതിയിരിക്കുന്നു. ഇത് ജറുസലേം നഗരത്തിനു പുറത്തുവച്ചുള്ള (cf. ഹെബ്രാ 13,12) യേശുവിന്റെ മരണ ത്തെ സൂചിപ്പിക്കാനാണ്.

**20,17.18: കല്ല്:** ഈ പ്രതീകം ഉപയോഗിക്കുന്ന മൂന്നു പഴയനിയമലിഖിതങ്ങൾ യേശു ഏകോപിപ്പിക്കുന്നു (സ ങ്കീ 118.22; ഏശ 8,14.15; ദാനി 2,44.45). സദൃശമായ ഉപയോഗം റോമ 9,33; 1 പത്രോ 2,6-8 എന്നിവയിൽ കാണാം.

**20,20: ദേശാധിപതി:** നികുതി പിരിക്കാനും പലസ്തീനായിൽ ക്രമസമാധാനം നിലനിറുത്താനും ചുമതലപ്പെ ട്ട പൊന്തിയൂസ് പീലാത്തോസ് എന്ന റോമൻ ഭരണാധികാരി. 23,1.

**20,22: നിയമാനുസൃതമോ ... ?:** കുടുക്കുന്ന ഒരു ചോദ്യം. യേശു നികുതിയെ പിൻതുണച്ചാൽ, റോമിന്റെ ആ ധിപത്യത്തിൽനിന്ന് സ്വാതന്ത്ര്യം കാംക്ഷിക്കുന്ന യഹൂദരെ കുപിതരാക്കും; നികുതിയെ അപലപിച്ചാൽ റോ മൻ ഭരണാധികാരിയെ വിവരമറിയിച്ച് രാജ്യദ്രോഹക്കുറ്റം ചുമത്താം. എ.ഡി. 66-70 കാലഘട്ടത്തിൽ റോമിനെ തിരേയുണ്ടായ ആദ്യയഹൂദകലാപത്തിനു വഴിമരുന്നിട്ടത് റോമാചക്രവർത്തിക്കു നികുതി നല്കില്ലെന്ന പല സ്തീനാക്കാരുടെ നിലപാടായിരുന്നു. ഈ കലാപത്തിന്റെ പശ്ചാത്തലത്തിലാണ് ജറുസലേംനഗരവും ദേവാ ലയവും റോമാക്കാർ നശിപ്പിച്ചത്. മത്താ 22,15-22; മർക്കോ 12,13.

**20,24: ദനാറ:** തിബേരിയൂസ് സീസറിന്റെ (എ.ഡി. 14-37) രൂപവും ലിഖിതവും പേറുന്ന ഒരു റോമൻ വെള്ളി നാണയം. 7,41.

**20,25: സീസറിനും ... ദൈവത്തിനും:** റോമൻ നികുതിയെ ഉദാഹരിച്ചുകൊണ്ട് യേശു തന്റെ ചോദ്യകർത്താ ക്കളുടെ കുടുക്കിൽനിന്നു തന്ത്രപൂർവം ഒഴിഞ്ഞുമാറുകയും, അതോടൊപ്പം അവരുടെ ശ്രേഷ്ഠതരമായ കടമ യെക്കുറിച്ചുള്ള പ്രബോധനം നല്കുകയും ചെയ്യുന്നു. സീസറിന്റെ രൂപം കൊത്തിയ നാണയം സീസറിന് അ വകാശപ്പെട്ടതാണ് (cf. റോമാ 13,1-7; 1 പത്രോ 2,13-17). ദൈവത്തിന്റെ ഛായയും സാദൃശ്യവും (ഉത്പ 1,26.27) പേറുന്ന മനുഷ്യൻ അവിടത്തെ സ്വന്തമാണ്. മർക്കോ 12,16.

**20,27-40:** മരിച്ചവരുടെ ഉത്ഥാനത്തെക്കുറിച്ചു മോശയുടെ നിയമം ഒന്നും പറയുന്നില്ലായെന്ന് അവർക്കു ബോ ധ്യമുണ്ട് (20,27). ലെവിറൈറ്റ്നിയമത്തെക്കുറിച്ചും (നിയ 25,5-10) അവർക്കറിയാം. ഇവയെ ബന്ധപ്പെടുത്തി മ രണാനന്തരജീവിതത്തെ നിഷേധിക്കാൻ ഒരു വിരോധാഭാസം ചൂണ്ടിക്കാണിക്കുകയാണ് സദ്ദുക്കായർ. മറുപ ടിയായി രണ്ടു വാദഗതികൾ യേശു അവലംബിക്കുന്നു: (1) സ്വർഗത്തിൽ വിവാഹം നിലനില്ക്കുന്നുവെന്ന അ വരുടെ ചിന്തയുടെ ഭോഷത്തം; (2) മോശയുടെ നിയമം മരണാനന്തരജീവിതത്തെക്കുറിച്ച് വ്യക്തമായി പരാ മർശിക്കുന്നു. അബ്രാഹവും ഇസഹാക്കും യാക്കോബും ദൈവത്തോടൊപ്പം ജീവിക്കുന്നവരാണെങ്കിൽ (പുറ 3,6) മരിച്ചവരുടെ ഉത്ഥാനം പഞ്ചഗ്രന്ഥത്തിൽ നിംശയം സ്ഥാപിതമാണ്.

**20,27: സദ്ദുക്കായർ:** മത്താ 3,7. (മർക്കോ 12, 18)

**20,36: ദൈവദൂതന്മാരെപ്പോലെയാണ്:** മാലാഖമാരെപ്പോലെ ഉത്ഥിതർക്കു വിവാഹമില്ല. വിശുദ്ധരെല്ലാം മാ ലാഖമാരെപ്പോലെ മഹത്ത്വവും അനശ്വരതയും ധരിക്കും. എന്നാൽ മാലാഖമാരിൽനിന്നു വ്യത്യസ്തരായി അ വർ ശരീരമില്ലാത്ത ആത്മാക്കളല്ല, ഉത്ഥിതശരീരത്തിൽ ജീവിക്കുന്നവരാണ് (1 കോറി 15,35-50). അങ്ങനെ ചി ലകാര്യങ്ങളിൽ അവർ തുല്യരാണ്; എന്നാൽ എല്ലാറ്റിലുമല്ല.

**20,41: ദാവീദിന്റെ പുത്രൻ:** ദാവീദിന് ഇസ്രായേൽരാജാക്കന്മാർക്കിടയിൽ അനന്യമായ സ്ഥാനമുണ്ടായിരുന്നു. മിശിഹായെ ദാവീദിനെക്കാൾ ഉയർന്നവനായി പരിഗണിക്കുന്നതിനുള്ള ഒരു തടം 'ദാവീദിന്റ പുത്രൻ'എന്ന സംജ്ഞയായിരുന്നു. ദാവീദു രചിച്ച സങ്കീ 110,1 ഉപയോഗിച്ച് യേശു ഇതിനെ തിരുത്തുന്നു. ഹീബ്രുമൂലത്തിൽ 'ലദൊണീ' എന്നും ഗ്രീക്കു ഭാഷ്യത്തിൽ 'തോ ക്യൂരിയോ മൂ' ('എന്റെ കർത്താവിനോട്') എന്നും ആണുള്ള ത് (20,42; അപ്പ 2,34-36). മർക്കോ 12,36.

**21,2: രണ്ടു ചെമ്പുതുട്ടുകൾ:** അക്കാലത്ത് ഉപയോഗത്തിലുണ്ടായിരുന്ന ഏറ്റവും കുറഞ്ഞ യഹൂദനാണയമാ ണ് ലെപ്താ. ദേവാലയപരിസരത്ത്, വിവിധതരം സംഭാവനകൾ സ്വീകരിക്കുന്നതിനു പന്ത്രണ്ടിലേറെ ഭണ്ഡാ രങ്ങൾ ഉണ്ടായിരുന്നു.

**21,5: വിശേഷപ്പെട്ട കല്ലുകൾ:** മഹാനായ ഹേറോദേസ് ബി.സി. 19-ൽ പുനരുദ്ധരിക്കാനും വിസ്തൃതമാക്കാ നും തുടങ്ങിയ ജറുസലേംദേവാലയത്തിന്റെ ഘടന ബൃഹത്തായിരുന്നു. മിക്ക കല്ലുകൾക്കും പന്ത്രണ്ടു മീറ്ററോ ളം നീളമുണ്ടായിരുന്നു. വിശേഷപ്പെട്ട ഈ കാഴ്ചയ്ക്ക്, യേശുവിന്റെ അഭിപ്രായത്തിൽ, ഹ്രസ്വായുസ്സേ ഉള്ളൂ (21,6). മർക്കോ 13,1.

**21,8: അനേകർ ... വരും:** ഒന്നാംനൂറ്റാണ്ടിലെ പലസ്തീനായിൽ രക്ഷകനുവേണ്ടിയുള്ള കാത്തിരിപ്പ് തീവ്രത യിലെത്തിയിരുന്നു. പലസ്തീനായ്ക്കുമേലുള്ള റോമിന്റെ ആധിപത്യം അവസാനിപ്പിക്കാമെന്നുള്ള അവകാശ വാദവുമായി പലരും ഇക്കാലഘട്ടത്തിൽ മുന്നോട്ടുവന്നു (അപ്പ 5,33-39).

**21,12: ഇവയ്ക്കെല്ലാംമുമ്പ്:** ലൂക്കായുടെയും അദ്ദേഹത്തോടൊപ്പമുള്ള സമൂഹത്തിന്റെയും കാഴ്ചപ്പാടനുസരി ച്ച് 10, 11 വാക്യങ്ങളിൽ വിവരിക്കുന്നവ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളാണ്; എന്നാൽ, ക്രിസ്തു

ശിഷ്യരുടെ പീഡനവും (12-19) ജറുസലേമിന്റെ പതനവും (20-24) പൂർത്തിയായിക്കഴിഞ്ഞ യുഗാന്താടയാളങ്ങളത്രേ.

**21,20: ജറുസലേമിനു ചുറ്റും സൈന്യം താവളമടിച്ചിരിക്കുന്നതു... :** എ.ഡി. 70-ൽ സംഭവിച്ച ജറുസലേമിന്റെ കീഴടങ്ങലും നാശവും യേശു മുൻകൂട്ടി കാണുന്നു. ഈ വാക്യത്തിൽനിന്നും 19,42-45 വാക്യങ്ങളിൽനിന്നും ജറുസലേമിന്റെ നാശത്തിനുശേഷമാണ് ലൂക്കാ സുവിശേഷം രചിച്ചതെന്ന് ചില പണ്ഡിതർ അനുമാനിക്കുന്നു. ഒരു ചരിത്രവിവരണത്തിന്റെ എല്ലാ സവിശേഷതകളും ഈ വിവരണത്തിനുണ്ടെന്ന് അവർ കരുതുന്നു. ഈ കാഴ്ചപ്പാടിനെ തള്ളിക്കളയുന്നവർ രണ്ടു വാദഗതികളാണ് മുന്നോട്ടുവയ്ക്കുന്നത്: (1) പഴയനിയമത്തിൽ ജറുസലേമിനെതിരേയുള്ള വാക്കുകളും പ്രതീകങ്ങളുമായി ചേർന്നുപോകുന്നതാണ് ലൂക്കായിലെ യേശുവിന്റെ പ്രഭാഷണം. ബി.സി. 6-ാം നൂറ്റാണ്ടിലെന്നപോലെ (ജറെ 6,6-8; 52,4; എസെ 4,1-3) എ.ഡി. 70-ലും ജറുസലേം നിലംപരിശാക്കപ്പെടുമെന്ന് യേശു പ്രവചിച്ചതാകാം. യേശുവിന്റെ പ്രഭാഷണത്തിന്റെയും അതിന്റെ വിവരണത്തിന്റെയും പ്രവാചകസ്വഭാവത്തെ നിഷേധിക്കുകയാണു മേല്പറഞ്ഞ പണ്ഡിതർ; (2) ജറുസലേമിന്റെ പതനത്തിന്റെ വിശദാംശങ്ങൾ ലൂക്കാ അറിഞ്ഞിരുന്നുവെന്നു ദ്യോതിപ്പിക്കുന്ന അസാധാരണമായതൊന്നും ആ വിവരണത്തിൽ ഇല്ല. ചുറ്റുമതിലുള്ള നഗരങ്ങളെ കീഴടക്കുന്നതിനു പുരാതനലോകത്ത് ലൂക്കാ വിവരിച്ചിരിക്കുന്ന പട്ടാളനടപടികൾ സർവസാധാരണമായിരുന്നു.

**21,22: പ്രതികാരത്തിന്റെ ദിനങ്ങൾ:** വിഗ്രഹാരാധനയിലും അരാജകത്വത്തിലും മുഴുകി കർത്താവിനെ വിട്ടുപേക്ഷിച്ചപ്പോൾ ഇസ്രായേലിന്റെമേൽ വന്നുപതിച്ച ദൈവികശിക്ഷാവിധിയുടെ കാലയളവിനായി (നിയ 32,35; ഹോസി 9,7) Septugint Bible ഉപയോഗിച്ചിരിക്കുന്ന 'ഹേമെറാ എക്ദിക്കേസെയോസ്' എന്ന പദം തന്നെയാണ് ഇവിടെയുമുള്ളത്. മിശിഹായെ നിരാകരിച്ചതിന് ജറുസലേമിന്റെമേൽ ദൈവം ശിക്ഷകൾ അയയ്ക്കും (ദാനി 9,25-27).

**21,24:** ദൈവത്തിന്റെ ശിക്ഷാവിധി നടപ്പിലാക്കുന്നതിൽ വിദേശരാഷ്ട്രങ്ങൾ തന്ത്രപ്രധാനമായ ഒരു പങ്കുവഹിക്കുമെന്നു സൂചിപ്പിച്ചുകൊണ്ട്, ജറുസലേം അഭിമുഖീകരിക്കാനിരിക്കുന്ന ഭീകരത യേശു വിവരിക്കുന്നു (വെളി 11,2). മുൻകാലങ്ങളിൽ ജറുസലേമിനു വന്നുഭവിച്ച ദുരന്തങ്ങൾ വിവരിക്കുന്ന നിരവധി പഴയനിയമഭാഗങ്ങൾ ഉപയോഗിച്ച്, സമീപഭാവിയിൽ (എ.ഡി. 70) അതിനു സംഭവിക്കാനിരിക്കുന്ന കൊടുംനാശത്തെ സുവിശേഷകൻ സൂചിപ്പിക്കുന്നു. വാളിന്റെ വായ്ത്തലയേറ്റു വീഴുക: : this theme can be seen in ജറെ 21,7; എസെ 39,32.

**21,24: വിജാതീയരുടെ സമയം:** നിയ 28,49; സഖ 14,1.2. ചവിട്ടിമെതിക്കപ്പെടും: ഏശ 63,18; ദാനി 8,13; 2 മക്ക 3,45.
ജറുസലേംദേവാലയം തകർത്ത സംഭവവും മനുഷ്യപുത്രന്റെ ആഗമനം സൂചിപ്പിക്കുന്ന പ്രപഞ്ചത്തിലെ അടയാളങ്ങളും വേർതിരിച്ചാണ് സുവിശേഷകൻ രേഖപ്പെടുത്തുന്നത്.
**21,25: സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും:** വിജാതീയരാജ്യങ്ങളെ യാഹ്‌വേ നശിപ്പിക്കുന്നതായി ചിത്രീകരിക്കുന്ന അനേകം പഴയനിയമപ്രവചനങ്ങളിൽ ആകാശമണ്ഡലത്തിലെ പ്രക്ഷോഭങ്ങളുടെ വിവരണമുണ്ട് (ഏശ 13,9.10; എസെ 32,7; ജോയേ 2,10.31). മർക്കോ 13,24.25. കടലിന്റെ ഇരമ്പൽ: കുപിതരും യുദ്ധസജ്ജരുമായ വിദേശജനതകളുടെ പ്രതീകം. വഴിപിഴച്ച ഇസ്രായേലിനെ ശിക്ഷിക്കാൻ ദൈവം കരുവാക്കുന്ന ജനതകളുടെ പ്രതീകമായി ഏശയ്യായും ഇത് ഉപയോഗിക്കുന്നുണ്ട് (ഏശ 5,30). ശത്രുവിനെതിരേ ആഞ്ഞടിക്കുന്ന ദൈവകോപത്തെയും ഇതു സൂചപ്പിക്കുന്നു (ജ്ഞാനം 5,22).

**21,33: ആകാശവും ഭൂമിയും:** യേശുവിന്റെ വാക്കുകളെ അതിജീവിക്കാൻ സുസ്ഥിരമായ പ്രപഞ്ചത്തിനുപോലും സാധ്യമല്ല. സൃഷ്ടിയുടെ നശ്വരതയ്ക്കു വിപരീതമായി ദൈവവചനത്തിന്റെ അനശ്വരത പഴയനിയമം ഊന്നിപ്പറയുന്നുണ്ട് (സങ്കീ 102,25-27; ഏശ 40,8; 51,6).

**21,36: മുമ്പിൽ നില്ക്കാൻ:** മനോധൈര്യത്തോടെ വിധിയാളനെ അഭിമുഖീകരിക്കാൻ (എഫേ 6,13; 2 യോഹ 2,28).

**22,1-23,56: പീഡാനുഭവ വിവരണം:** ഇവിടെയും മർക്കോസിന്റെ വാക്കുകളാണ് സുവിശേഷകൻ ഉദ്ധരിക്കുന്നതെങ്കിലും തന്റെ സ്വതസിദ്ധശൈലിയിലുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുന്നുണ്ട്. വ്യത്യസ്തതയുള്ള വചനഭാഗങ്ങൾ: 1. ദിവ്യകാരുണ്യ സംസ്ഥാപനം (22,15-20); 2. വിടവാങ്ങൽപ്രഭാഷണം (22,21-38); 3. അധിക്ഷേപവും ചോദ്യംചെയ്യലും (22,63-71); 4. ഹോറോദേസിനു മുമ്പിൽ; പീലാത്തോസിനു മുമ്പിൽ (23,6-16); 5. സ്ത്രീകളെ അഭിസംബോധന ചെയ്യുന്നത് (23,27-32); 6. കള്ളന്റെ പശ്ചാത്താപം (23,39-41); 7. യേശുവിന്റെ മരണം (23,46.47.49).

യേശുവിന്റെ നിരപരാധിത്വം ഊന്നിപ്പറയുന്ന സുവിശേഷകൻ (23,4.14.15.22) തിന്മയുടെ ശക്തികൾക്ക് യേശു ഇരയായെന്നും (22,3.31.53) പിതാവിന്റെ ഹിതം നിറവേറ്റാൻ അവിടന്ന് മരണം വരിച്ചെന്നും (22,42.46) വ്യക്തമാക്കുന്നു. യേശുവിന്റെ കരുണയും ദീനാനുകമ്പയും സൗഖ്യദാനത്തിനുള്ള ശക്തിയുമെല്ലാം ലൂക്കാ വിവരിക്കുന്നു (22,51; 23,43). മരണത്തിലും യേശു ഒറ്റയ്ക്കല്ലെന്നും കുരിശിന്റെ വഴിയിൽ പലരും അവിടത്തെ അനുഗമിക്കുന്നുണ്ടെന്നും സുവിശേഷകൻ രേഖപ്പെടുത്തുന്നു (23,26-31.49).

**22,1: പെസഹാ ... പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ:** മർക്കോ 14,1. ഇസ്രായേൽ ജനത പുളിപ്പില്ലാത്ത അപ്പത്തിന്റെയും പെസഹായുടെയും തിരുനാൾ ഒന്നിച്ച് വസന്തകാലത്ത് ആഘോഷിച്ചിരുന്നു (ലേവ്യ 23,4-8; എസെ 5,21). ഒരു ജനതയെന്ന നിലയിൽ തീർഥാടക തിരുനാളായ പെസഹാ ആചരിക്കാൻ ആയിരങ്ങൾ ജറുസലേമിലേക്കു യാത്ര ചെയ്തിരുന്നു (നിയ 16,1-8). പെസഹാദിനത്തിൽ തുടങ്ങുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആറു ദിവസംകൂടി നീണ്ടുനിന്നു. പുളിപ്പ് (പാപത്തിന്റെ പ്രതീകം) ആഹരിക്കാൻ പാടില്ലാത്ത സമയമായിരുന്നു അത്. പെസഹാത്തിരുനാൾ (യോഹ 6,4)

**22,3: യൂദാസിൽ സാത്താൻ പ്രവേശിച്ചു:** പിശാചുതന്നെയാണ് യേശുവിനെതിരേയുള്ള ഗൂഢാലോചന ഒരുക്കിയത് (യോഹ 13,27). 'തക്കസമയംവരെ അവനെ വിട്ടുപോയ' പിശാച് (4,13) ഇപ്പോൾ യൂദാസിൽ പ്രവേശിക്കുന്നു. യൂദാസാകട്ടെ, 'അവസരം പാർത്തുകൊണ്ടിരുന്നു' (22,6). യേശുവിനോടുള്ള യൂദാസിന്റെ അയഞ്ഞബന്ധം ഒടുവിൽ തകർന്നപ്പോൾ ആ സമയം ആഗതമായി (22,48). 4,13.

**22,4: സേനാധിപന്മാർ:** ജറുസലേമിൽ ദേവാലയസൈനികരായി ജോലി ചെയ്തിരുന്ന ലേവായർ (22,52; അപ്പ 4,1; 5,24-26).

**22,14-23:** അന്ത്യഅത്താഴം (1 കോറി 11,23-26). മത്താ 26,26-29; മർക്കോ 14,22-24.: യേശുവിന്റെ പീഡാസഹന മരണോത്ഥാനങ്ങളിലൂടെ പൂർത്തിയാകാനിരിക്കുന്ന വീണ്ടെടുപ്പിന്റെ ഒരു മുന്നാസ്വാദനം. പഴയഉടമ്പടിയിലെ പെസഹാ പുതിയഉടമ്പടിയിലെ ബലിദാനവിരുന്നായി മാറി. പെസഹാ എന്ന പുരാതനതിരുനാളിന്റെ മർമ സ്ഥാനത്തു തന്നത്തന്നെ പ്രതിഷ്ഠിച്ചുകൊണ്ട് യേശു അതിനു രൂപഭേദം പകർന്നു. പാപത്തിനുവേണ്ടി അർപ്പിക്കപ്പെടുകയും ദൈവത്തിന്റെ കുടുംബത്തിന് ആഹാരമായി നല്കപ്പെടുകയും ചെയ്യുന്ന കുഞ്ഞാടാണ് അവിടന്ന് (യോഹ 1,29; 2 കോറി 5,6-8). ഈജിപ്തിൽ നിന്നുള്ള ഇസ്രായേലിന്റെ വിമോചനം അനുസ്മരിപ്പിക്കുന്ന പെസഹാപോലെ, പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മനുഷ്യവർഗത്തിന്റെ വീണ്ടെടുപ്പ് അനുസ്മരിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതാണു വിശുദ്ധബലി.

**22,17: അവൻ പാനപാത്രമെടുത്ത്:** 19, 20 വാക്യങ്ങളുടെ കൈയെഴുത്തുപ്രതികളിലെ പ്രത്യേകതകൾ മൂലം ചില ബൈബിൾ പണ്ഡിതർ ദിവ്യകാരുണ്യകപ്പ് എന്ന അർഥത്തിൽ പാനപാത്രമെന്ന പദം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പെസഹാഭക്ഷണത്തിന്റെ (സേദെർ) ഭാഗമായി  നാലുകപ്പു വീഞ്ഞ് പാനംചെയ്തിരുന്നു. ഇവിടെ യേശു ഒന്നാമത്തെയോ രണ്ടാമത്തെയോ കപ്പ് എടുക്കുന്നു. ഒന്നുകിൽ അവിടന്നു ഭക്ഷണത്തെ പവിത്രീകരിക്കുകയായിരുന്നു (ഒന്നാം കപ്പ്); അല്ലെങ്കിൽ അവർ 113, 114 സങ്കീർത്തനങ്ങൾ അപ്പോൾ ആലപിച്ചുകഴിഞ്ഞിരിക്കാം (രണ്ടാം കപ്പ്). 22,20-ൽ യേശു വാഴ്ത്തുന്ന ദിവ്യകാരുണ്യകപ്പ് മുഖ്യഭക്ഷണത്തിനുശേഷം പാനംചെയ്യുന്ന (മൂന്നാം കപ്പ്) അനുഗ്രഹത്തിന്റെ പാനപാത്രമാകാം (2 കോറി 10,16).

**22,19.20: നിങ്ങൾക്കുവേണ്ടി ... എന്റെ ഓർമയ്ക്കായി ...:** വിശുദ്ധ കുർബാനസ്ഥാപനത്തെക്കുറിച്ചുള്ള ഈ വിവരണം പൗലോസിന്റെ വിവരണത്തിനു സദൃശമാണ് (1 കോറി 11,23-26). മത്താ 26,26-29; മർക്കോ 14,22-24. 19-ാം വാക്യത്തിൽ 'എന്റെ ശരീരമാണ്' എന്നു കഴിഞ്ഞുള്ള ഭാഗവും 20-ാം വാക്യവും ചില കൈയെഴുത്തുപ്രതികളിൽ കാണുന്നില്ല.

**22,19: കൃതജ്ഞതാസ്തോത്രം ചെയ്ത്:** 'യൂക്കരിസ്തോ' എന്ന ഗ്രീക്കുക്രിയാപദത്തിന്റെ പരിഭാഷ. ഇതിൽ നിന്നാണ് പരിശുദ്ധകുർബാനയ്ക്ക് യൂക്കരിസ്റ്റ് എന്ന പേരുണ്ടായത്. മുറിച്ച്: ആദിമ ക്രൈസ്തവർ ഈ കർമത്തെ 'അപ്പംമുറിക്കൽ' എന്നുവിളിച്ചു (24,35; അപ്പ 2,42; 20,7). ഇതു ... എന്റെ ശരീരമാണ്: പുളിപ്പില്ലാത്ത അപ്പം യേശു വാഴ്ത്തുന്നതോടെ അതു പുതിയഉടമ്പടിയിലെ പെസഹായുടെ സത്തയായ ക്രിസ്തുതന്നെയായി മാറുന്നു; പഴയ ഉടമ്പടിയിലെ പെസഹായുടെ (നിയ 16,3) വെറും പ്രതീകമല്ല അത്. ഇതു ചെയ്യുവിൻ: അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും യേശുവിന്റെ പ്രവൃത്തി അൾത്താരയിലും ജീവിതത്തിലും അനുകരിക്കേണ്ടതുണ്ട്. അന്ത്യഅത്താഴത്തിന് അവനോടൊപ്പം പന്ത്രണ്ടുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നതു ശ്രദ്ധിക്കുക (മത്താ 26,20; മർക്കോ 14,17). യഹൂദാചാരമനുസരിച്ച്, ഈ തിരുനാൾ ആഘോഷിച്ചിരുന്നത് കുടുംബങ്ങളോ പത്തുമുതൽ ഇരുപതുവരെ പേരടങ്ങുന്ന കൂട്ടായ്മകളോ ആയിരുന്നു.

ഓർമ (22,19) 'അനമ്നേസിസ്' എന്ന ഗ്രീക്കുപദം പുതിയനിയമത്തിൽ നാലുതവണ ഉപയോഗിച്ചിരിക്കുന്നു. അതിൽ മൂന്നുതവണയും അന്ത്യഅത്താഴത്തോടു ബന്ധപ്പെട്ടാണ് ഉപയോഗം. LXX-ൽ ഈ പദം ആരാധനക്രമത്തിലെ അനുസ്മരണങ്ങൾക്കുവേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവം തങ്ങളെ ഓർമിക്കാനായി ഇസ്രായേൽജനം ചില കാര്യങ്ങൾ ചെയ്തിരുന്നു: ദേവാലയത്തിൽ ദഹനബലിയിലെ സ്മരണാംശമായി തിരുസാന്നിധ്യഅപ്പത്തോടൊപ്പം കുന്തുരുക്കവും വച്ചിരുന്നു (ലേവ്യ 24,7); ഇസ്രായേലിലെ തിരുനാളുകളിലും ബലിയർപ്പണവേളകളിലും ദൈവത്തിന് ഇസ്രായേലിനെക്കുറിച്ചുള്ള സ്മരണയുണർത്താനായി കാഹളം മുഴക്കിയിരുന്നു (സംഖ്യ 10,10). പഴയഉടമ്പടിയിലെ മൃഗബലികൾ ഇസ്രായേല്യരെ തങ്ങളുടെ പാപങ്ങളെക്കുറിച്ച് ഓർമിപ്പിക്കാൻ മാത്രമേ പര്യാപ്തമായുള്ളൂ എന്ന് 'അനമ്നേസിസ്' എന്ന പദപ്രയോഗത്തിലൂടെ ഹെബ്രാ 10,3 സ്ഥാപിക്കുന്നു. ആരംഭത്തിൽ സൂചിപ്പിച്ച ദിവ്യബലിസംബന്ധിയായ മൂന്നു പദപ്രയോഗങ്ങൾ ഓർമയെ അനുഭവവുമായി ബന്ധിപ്പിക്കുന്നു. പഴയനിയമത്തിൽനിന്നു വ്യത്യസ്തമായി, യേശുവിന്റെ പെസഹാരഹസ്യങ്ങളെക്കുറിച്ചു നമ്മെ ഓർമിപ്പിക്കുക മാത്രമല്ല, കൗദാശികരൂപത്തിൽ പെസഹാരഹസ്യം നമ്മുടെ മുൻപിൽ പുനരവതരിപ്പിക്കുകയുമാണ് ഈ ആരാധനക്രമം ചെയ്യുന്നത് (ലൂക്കാ 22,19; 2 കോറി 11,24-26).

**22,20: ചിന്തപ്പെടുന്ന:** കുർബാനസ്ഥാപനവേളയിലും നീതിമാന്മാരുടെ രക്തച്ചൊരിച്ചിലിനെക്കുറിച്ചു സൂചിപ്പിക്കുന്ന ഇടങ്ങളിലും (മത്താ 23,35; അപ്പ 22,20) 'എൻഖെയോ' എന്ന ഒരേ ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമപ്രകാരം മൃഗബലിയിലെ രക്തം പാപപരിഹാരത്തിനായി ബലിപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ചിരുന്നു (പുറ 29,12; ലേവ്യ 4,7-18). പുതിയ ഉടമ്പടി: സുവിശേഷങ്ങളിൽ, അന്ത്യഅത്താഴവേളയിൽ മാത്രം ഉപയോഗിക്കുന്ന ഒരു പദപ്രയോഗം. ലേഖനങ്ങൾ അതു കൂടക്കൂടെ ഉപയോഗിക്കുന്നു (റോമാ 11,27; 2 കോറി 3,6; ഹെബ്രാ 8,6).

യോഹന്നാന്റെ സുവിശേഷത്തിൽ വിടവാങ്ങൽപ്രഭാഷണം അഞ്ച് അധ്യായങ്ങളിലായി (13-17) പരന്നുകിടക്കുന്നെങ്കിൽ ലൂക്കായിൽ അതു വളരെ ഹ്രസ്വമാണ്.

**22,30: സിംഹാസനങ്ങളിൽ:** രാജകീയബഹുമതിയുടെ ഇരിപ്പിടങ്ങൾ. ദാവീദുവംശത്തിലെ പുതിയ രാജാ

വെന്നനിലയിൽ യേശു, ദൈവജനത്തിന്റെമേൽ അവിടത്തെ രാജകീയാധികാരം വിനിയോഗിക്കാൻ തന്റെ ശിഷ്യന്മാർക്ക് അധികാരം നല്കുന്നു (1,32.33; മത്താ 19,28). E മത്താ 16,19. ജറുസലേമിലെ സിംഹാസനങ്ങളിൽ ഇരുന്ന് ദാവീദിന്റെ മന്ത്രിസഭ എങ്ങനെ ഇസ്രായേലിനെ ഭരിച്ചുവെന്നത് അനുസ്മരിപ്പിക്കുന്ന വിധത്തിലാണ് അപ്പസ്തോലന്മാരുടെ ധർമം വിവരിച്ചിരിക്കുന്നത് (സങ്കീ 122,3-5; ഏശ 22,20-23).

**22,31.32:** ശിമയോനുവേണ്ടി യേശു പ്രാർഥിക്കുന്നതും സഹോദരരെ ശക്തിപ്പെടുത്താൻ ഏല്പിക്കുന്നതും ഉത്ഥാനത്തിനു മുൻപേയുള്ള ശിമയോന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു. അപ്പ 10,11-ൽ ക്രിസ്തീയസമൂഹത്തിന്റെ വക്താവും വിജാതീയർക്കായുള്ള പ്രേഷിതപ്രവർത്തനത്തിന്റെ പ്രാരംഭകനും പത്രോസാണ്.

**22,31: ആവശ്യപ്പെട്ടു:** 'എക്സൈത്തേയൊമായ്' എന്ന ഗ്രീക്കു ക്രിയാപദം പുതിയനിയമത്തിൽ ഇവിടെ മാത്രമേ കാണുന്നുള്ളൂ.  ദൈവത്തിന്റെ കരങ്ങളിൽനിന്നു പൂർണമായും സാത്താന്റെ കരങ്ങളിലേക്കു വിട്ടുകൊടുക്കാനുള്ള അഭ്യർഥനയാണു വിവക്ഷ (cf. ജോബ് 1,6-12; 2,1-6; സഖ 3,1-5).

**22,37: നിയമലംഘകരോടുകൂടെ എണ്ണപ്പെട്ടു:** സഹനദാസനെക്കുറിച്ചുള്ള ഏശയ്യായുടെ ദർശനം നിറവേറുന്നതാണിത് (ഏശ 53,12). നിന്ദിക്കപ്പെട്ടും (53,3) ക്ഷതമേല്പിക്കപ്പെട്ടും (53,5) വിച്ഛേദിക്കപ്പെട്ടും (53,8) തിരസ്കൃതനായ മിശിഹായുടെ പ്രതിരൂപമാണ് അയാൾ. പാപികളുടെകൂടെ എണ്ണപ്പെട്ടെങ്കിലും നിഷ്ക്കളങ്കനാണ് അയാൾ. പരാർഥസഹനമാണ് അയാളുടേത് (53,10-12). cf. മത്താ 8,17; അപ്പ 8,32-35; 1 പത്രോ 2,24.25.

**22,38: അതുമതി:** ആസന്നമായ ആത്മീയപോരാട്ടത്തിന്റെ മുന്നറിയിപ്പായി, പുറംകുപ്പായം വിറ്റു വാൾ വാങ്ങാൻ യേശു ആലങ്കാരികമായി നടത്തുന്ന ആഹ്വാനത്തിന്റെ (22,36) ആന്തരാർഥം ഗ്രഹിക്കാൻ കഴിയാതെ പോയ ശിഷ്യരുടെ അജ്ഞതയെക്കുറിച്ചുള്ള അതൃപ്തിയുടെ പ്രകാശനമാണിത്. ശിഷ്യന്മാർക്കുള്ള യേശുവിന്റെ ഉപദേശം (24-38) ഇങ്ങനെ പൊടുന്നനെ അവസാനിക്കുന്നത് ഈ അതൃപ്തിയുടെ തെളിവാണ്. പിന്നീട് അക്രമോത്സുകരായി വാളുപയോഗിച്ചു തന്നെ പ്രതിരോധിക്കാൻ ശ്രമിച്ച ശിഷ്യരെ യേശു കാർക്കശ്യത്തോടെ ശാസിച്ചപ്പോൾ (22,49-51) അവിടത്തേക്കുണ്ടായിരുന്ന ഉദ്ദേശ്യം വ്യക്തമായി.

**22,39: പതിവനുസരിച്ച്:** സായാഹ്നങ്ങളിൽ യേശു ജറുസലേമിനു പുറത്ത് ഒലിവുമലയിൽ പ്രാർഥിക്കുക പതിവായിരുന്നു (21.37).

**22,42: ഈ പാനപാത്രം:** കൊടിയ സഹനത്തിന്റെ പ്രതീകം (ഏശ 51,17; എസെ 23,33). മത്താ 20,22.
22,43-44: ഈ വാക്യങ്ങൾ ഏറെ പുരാതനമാണെങ്കിലും പഴയ പപ്പീറസ്ചുരുളുകളിലും പരക്കെ പ്രചാരം സിദ്ധിച്ച കൈയെഴുത്തുപ്രതികളിലും ഇവ കാണുന്നില്ല.

**22,43: ഒരു ദൂതൻ:** ലൂക്കായിൽ മാത്രമുള്ള ഒരു വിശദാംശം. സദൃശമായി, യേശുവിന്റെ മരുഭൂമിയിലെ പ്രലോഭനവേളയിലും ദൂതന്മാർ സന്നിഹിതരായിരുന്നു (മത്താ 4,11; മർക്കോ 1,13). പുത്രന്റെ പ്രാർഥനയ്ക്കു പിതാവ് ഉത്തരമേകുന്നതു പീഡാസഹനം ഒഴിവാക്കിക്കൊണ്ടല്ല, മറിച്ച് സഹിക്കുവാനായി പുത്രനെ ശക്തിപ്പെടുത്തിക്കൊണ്ടാണ് (ഹെബ്രാ 5,7-9). ലൂക്കാ 1,11.
**22,50: അവരിലൊരുവൻ:** ഇതു പത്രോസ് ആണെന്നാണ് യോഹന്നാന്റെ ഭാഷ്യം (യോഹ 18,10).

**22,51: അവനെ സുഖപ്പെടുത്തി:** ഇതു ലൂക്കായുടെ വിവരണത്തിൽ മാത്രമേയുള്ളൂ.

**22,53: അന്ധകാരത്തിന്റെ ആധിപത്യം:** യേശുവിന്റെമേലുള്ള സാത്താന്റെ ഘോരമായ ആക്രമണം (4,13); സന്തതിയുടെ കുതികാലിൽ പരുക്കേല്പിക്കുന്ന സർപ്പം (ഉത്പ 3,15). രക്ഷാകരകർമവിവരണത്തിൽ പൗലോസും ഇതേ പ്രയോഗം നടത്തുന്നുണ്ട് (കൊളോ 1,13). ലൂക്കാ 22,3.

**22,54: മഹാപുരോഹിതന്റെ വീട്ടിൽ:** ജറുസലേമിലെ ഔദ്യോഗികവസതി (യോഹ 18,28).

**22,61: തിരിഞ്ഞ് പത്രോസിനെ നോക്കി:** ലൂക്കാ മാത്രമാണ് ഇതു രേഖപ്പെടുത്തിയിട്ടുള്ളത്.

**22,66-71:**  പ്രാഥമികമായ ഒരു രാത്രികാലവിചാരണയ്ക്കുശേഷം (54-65) യേശുവിനെ പകൽസമയത്ത് വിചാരണ ചെയ്യുന്നു. ഈ പകൽവിചാരണയുടെ ഏതാനും ചില വിശദാംശങ്ങൾ രാത്രികാലത്തു നടന്നതായിട്ടാണ് മർക്കോസും, അദ്ദേഹത്തെത്തുടർന്ന് മത്തായിയും ചിത്രീകരിക്കുന്നത്. ഇങ്ങനെ ന്യായാധിപസംഘം യേശുവിനെ രണ്ടുതവണ വിചാരണ ചെയ്യുന്നതായി മർക്കോസിലും മത്തായിയിലും കാണാം. മർക്കോ 14,53.

**22, 66 ന്യായാധിപസംഘം (22,66)**
യഹൂദമതത്തിന്റെ ആഭ്യന്തരകാര്യങ്ങൾ ഭരിച്ചിരുന്ന സാൻഹെദ്രിൻ. 'ന്യായാധിപസംഘം', 'ജനപ്രമാണികളുടെ സംഘം', 'ആലോചനാസംഘം' എന്നീ പേരുകളിലും പുതിയനിയമത്തിൽ ഇത് അറിയപ്പെടുന്നു. ദൈവം മോശയോടു കല്പിച്ചപ്രകാരം തിരഞ്ഞെടുക്കപ്പെട്ട 70 പേരടങ്ങുന്ന നേതൃസംഘത്തിന്റെ (സംഖ്യ 11,16-30) പിൻതുടർച്ചക്കാരായിട്ടാണ് ഇവർ കരുതപ്പെട്ടിരുന്നത്. പുതിയനിയമകാലത്ത് സാൻഹെദ്രിൻസംഘത്തിന്റെ ഘടന വ്യത്യസ്തമായിരുന്നു. പുരോഹിതപ്രമുഖന്മാരും നിയമജ്ഞരും ജനപ്രമാണികളും ഉൾപ്പെട്ടതാണ് ന്യായാധിപസംഘം. സാൻഹെദ്രിനു കീഴിൽ പ്രാദേശികസംഘങ്ങളും നിലവിലുണ്ടായിരുന്നു. റോമിന് താത്പര്യമില്ലാത്ത കാര്യങ്ങളിൽ (മോശയുടെ നിയമവ്യാഖ്യാനം, പ്രാദേശിക കൗൺസിലുകളിൽ തീരുമാനമാകാത്ത

വ്യവഹാരങ്ങളിൽ തീർപ്പുകല്പിക്കൽ, ക്രിമിനൽ കേസുകളിൽ വിധി പ്രസ്താവിക്കൽ) ഈ സംഘമാണ് തീരുമാനമെടുത്തിരുന്നത്. വധശിക്ഷ വിധിക്കാൻ ഈ സംഘത്തിന് അധികാരം ഉണ്ടായിരുന്നെന്നും (മിഷ്നാ, സാൻഹെദ്രിൻ. 7,1; ജോസെഫൂസ്, ആന്റിക്വിറ്റീസ് 20,9.1) ഇല്ലായിരുന്നെന്നും (യോഹ 18,31) രേഖകളുണ്ട്. മർക്കോ 14,55.

**22,67: ഞാൻ പറഞ്ഞാലും:** സെദക്കിയാരാജാവിനു ജറെമിയ നല്കിയ പ്രത്യുത്തരം (ജറെ 38,15) ഉദ്ധരിച്ചുകൊണ്ട് യേശു തന്റെമേൽ ആരോപണമുന്നയിച്ചവരുടെ ദുഷ്ടലാക്കു വെളിവാക്കുന്നു. ജറുസലേമിന്റെ പതനം വിളംബരം ചെയ്തതിനാൽ ജറെമിയാപ്രവാചകൻ ഭരണാധികാരികൾക്ക് അനഭിമതനായിത്തീരുകയും വധശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തു (ജറെ 38,2-14). ഈ പഴയനിയമസംഭവം യേശുവിന്റെ വിസ്താരത്തിനു സമാന്തരമായി സുവിശേഷകൻ കാണുന്നു.

**22,69: ഇപ്പോൾ മുതൽ:** സാൻഹെദ്രിന്റെ വിധിപ്രസ്താവം ദൈവകോടതിയിൽ കീഴ്മേൽ മറിക്കപ്പെടുന്നത് യേശു വിഭാവനം ചെയ്യുന്നു. പിതാവിന്റെ വലത്തുഭാഗത്ത് സിംഹാസനസ്ഥനാകുന്ന തന്റെ മഹത്ത്വീകരണം പ്രവചിക്കാൻ യേശു സങ്കീ 110,1; ദാനി 7,13 എന്നിവ ഉപയോഗിക്കുന്നു. മത്താ 26,64.

**22,70: ഞാൻ ആകുന്നു:** 'ഏഗോ എയ്മി' എന്നത് LXX-ൽ മോശയ്ക്കുള്ള ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലിന് ഉപയോഗിച്ചിരിക്കുന്ന പ്രയോഗമാണ് (പുറ 3,14). മിശിഹായും ദൈവപുത്രനും ആണോ എന്ന ചോദ്യത്തിന് യേശു 'ഞാൻ ആകുന്നു' എന്നു പറഞ്ഞതായിട്ടാണ് മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത് (മർക്കോ 14,62). മത്തായിയിലാകട്ടെ, 'നീ പറഞ്ഞുവല്ലോ' എന്നാണ് യേശുവിന്റെ ഉത്തരം (മത്താ 26,64). ഏതു വിധത്തിലായാലും യേശു തന്റെ ദൈവപുത്രത്വവും മിശിഹാത്വവും വാക്കുകളിലൂടെ സ്ഥാപിക്കുന്നു. ഇത് ദൈവദൂഷണത്തിന്റെ പരമകാഷ്ഠയായി ആരോപിച്ച് സാൻഹെദ്രിൻ വധശിക്ഷയ്ക്കായുള്ള നടപടികളിലേക്കു നീങ്ങുന്നു. പലസ്തീനായിൽ റോമൻ ഭരണാധികാരികൾക്കു മാത്രമേ മരണശിക്ഷ നടപ്പിലാക്കാൻ അധികാരമുണ്ടായിരുന്നുള്ളൂ (യോഹ 18,31).

**23,30: ഞങ്ങളുടെമേൽ വീഴുക ... മൂടിക്കളയുക:** വിഗ്രഹാരാധനയിൽ മുഴുകി കർത്താവിനെ ഉപേക്ഷിച്ച വടക്കൻരാജ്യമായ ഇസ്രായേലിനെതിരേ ഹോസിയാപ്രവാചകൻ നടത്തിയ പ്രവചനം (ഹോസി 10,8) ജനം അവഗണിച്ചതിന്റെ ഫലമായി ബി.സി. എട്ടാം നൂറ്റാണ്ടിൽ അസീറിയാക്കാർ ഇസ്രായേലിനെ ആക്രമിച്ചു നിലംപരിശാക്കി. ഹോസിയായുടെ വാക്കുകൾ ഉദ്ധരിച്ച്, സമറിയായ്ക്കു സംഭവിച്ചത് ജറുസലേമിനും സംഭവിക്കും എന്ന് യേശു പ്രവചിക്കുകയാണ് (cf. വെളി 6,16).

**23,33: തലയോട്:** 'ഗോൽഗോഥാ' എന്നാണ് അരമായനാമം (മത്താ 27,33; മർക്കോ 15,22; യോഹ 19,17).

**23,34:** പിതാവേ, അവരോടു ക്ഷമിക്കണമേ; എന്തെന്നാൽ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല: സുവിശേഷത്തിന്റെ ഏറ്റവും പുരാതനമായ പപ്പീറസ്ചുരുളിലോ ആദ്യകാല ഗ്രീക്കുകൈയെഴുത്തുപ്രതികളിലോ മറ്റു പുരാതനപതിപ്പുകളിലോ ഇല്ല. അറിവില്ലായ്മയാണ് അവരുടെ പാപകാരണം എന്നു തിരിച്ചറിയുന്ന യേശു തന്റെ ഘാതകരോടു കരുണ കാട്ടുന്നു (1 പത്രോ 2,23; അപ്പ 3,17; 1 കോറി 2,8). പിന്നീട്, സ്തേഫാനോസും തന്റെ മരണനേരത്ത് ഈ വിധം പ്രാർഥിക്കുന്നുണ്ട് (അപ്പ 7,60). **അവന്റെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കാൻ:** സങ്കീ 22,18-ന്റെ സാക്ഷാത്കാരമാണ് ഇവിടെ കാണുന്നത്. ക്രൂശാരോഹണവും (22,16) ജനക്കൂട്ടത്തിന്റെ നിന്ദനവുമെല്ലാം (22,6.7) ഈ സങ്കീർത്തനത്തിൽ തെളിഞ്ഞുകാണാം. യേശു കുരിശിൽവച്ച് 22-ാം സങ്കീർത്തനത്തിന്റെ ആദ്യവരികൾ ഉച്ചരിച്ചു (മത്താ 27,16; മർക്കോ 15,34). മത്താ 27,46.

**23,44: ആറാംമണിക്കൂർ ... ഒൻപതാംമണിക്കൂർ:** പകലിന്റെ ഏറ്റവും പ്രകാശപൂർണമായ മണിക്കൂറുകൾ (ഉച്ചയ്ക്കു 12 മുതൽ 3 വരെ) 'അന്ധകാരത്തിന്റെ ആധിപത്യ'ത്താൽ (ലൂക്കാ 22,53) മൂടപ്പെട്ടു. മത്താ 27,45.

**23,45: തിരശീല:** ജറുസലേംദേവാലയത്തിൽ അതിവിശുദ്ധസ്ഥലത്തിനും വിശുദ്ധസ്ഥലത്തിനും മധ്യേ ഉണ്ടായിരുന്ന വിരി ദൈവത്തെയും മനഷ്യനെയും തമ്മിൽ വേർതിരിക്കുന്ന പാപത്തിന്റെ പ്രതീകമായിരുന്നു (ഏശ 59,2). ജീവനോടെ കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശുവിന്റെ ശരീരം മനുഷ്യപാപങ്ങളുടെ ആകത്തുകയാണ് (2 കോറി 5,21). ആ ശരീരം അചേതനമാകുന്ന നിമിഷത്തിലാണു പാപം നീങ്ങിപ്പോയതും (cf. റോമാ 6,23) ദേവാലയത്തിലെ തിരശീല നടുവേ കീറിപ്പോയതും. 'തന്റെ ശരീരമാകുന്ന തിരശീലയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു' (ഹെബ്രാ 10,20). **നടുവേ:** മുകളിൽ നിന്നു താഴെവരെ (മർക്കോ 15,38) എന്നർഥം. സമ്പൂർണമായും സകലർക്കുംവേണ്ടിയും എന്നു വ്യംഗ്യം.

**23,46: പിതാവേ, അങ്ങയുടെ കരങ്ങളിൽ:** സങ്കീ 31,5 മൂന്നുദിവസം നീളുന്ന തന്റെ 'നിദ്ര'യ്ക്കുമുമ്പുള്ള പ്രാർഥനയാക്കി യേശു മാറ്റുന്നു. യഹൂദ അമ്മമാർ കുട്ടികളെ ഉറങ്ങുന്നതിനുമുമ്പായി ചൊല്ലാൻ പഠിപ്പിച്ചിരുന്ന പ്രാർഥനയാണിത്. യേശു തന്റെ മരണംപോലും പിതാവിന്റെ പരിപാലനയ്ക്കായി ഭരമേല്പിക്കുമ്പോൾ താൻ പൂർണമായും പിതാവിന്റെ അധീനതയിൽ ആണെന്നു വെളിപ്പെടുത്തുകയാണ് (യോഹ 10,17.18; എഫേ 5,2).

**23,51: അരിമത്തെയാക്കാരൻ ജോസഫ്:** ഇദ്ദേഹം യേശുവിന്റെ ശിഷ്യരിൽ ഒരുവനായിരുന്നു (മത്താ 27,57; യോഹ 19,38).
**23,54: ഒരുക്കത്തിന്റെ ദിവസമായിരുന്നു:** സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസം - വെള്ളിയാഴ്ച.

**23,56: സുഗന്ധവസ്തുക്കളും മീറയും:** യേശുവിന്റെ മരണത്തിനും സാബത്തിന്റെ തുടക്കത്തിനും മധ്യേ ലഭിച്ച ഇടവേള ആചാരപ്രകാരമുള്ള മുഴുവൻ നടപടിക്രമത്തിനും മതിയായ്കയാൽ അവിടത്തെ ശരീരം വേണ്ട രീതിയിൽ ഒരുക്കാനായില്ല. വെള്ളിയാഴ്ച പൂർത്തിയാക്കാത്തതു ചെയ്യാൻവേണ്ടി സ്ത്രീകൾ ഞായറാഴ്ച മടങ്ങിവന്നു (24,1).

**24,1–53:** നാലു സുവിശേഷവിവരണങ്ങളുടെയും മകുടമാണ് യേശുവിന്റെ ഉത്ഥാനം (മത്താ 28,1–10; മർക്കോ 16,1–8; യോഹ 20,1–18). ലൂക്കായുടെ ഉത്ഥാനവിവരണത്തിൽ അഞ്ചു ഭാഗങ്ങളുണ്ട്: 1. സ്ത്രീകൾ ശൂന്യമായ കല്ലറയ്ക്കു സമീപം (23,56–24,12); 2. എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യർക്ക് യേശു പ്രത്യക്ഷപ്പെടുന്നു (24,13–35); 3. ജറുസലേമിൽ യേശു ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു (24,36–43); 4. യേശുവിന്റെ അന്തിമനിർദേശങ്ങൾ (24,44–49); 5. സ്വർഗാരോഹണം (24,50–53). ഈ വിവരണത്തിൽ ഉടനീളം പീഡാസഹനം, മരണം, ഉത്ഥാനം എന്നിവ പഴയനിയമത്തിന്റെ പൂർത്തീകരണമായും യഹൂദരുടെ പ്രതീക്ഷയുടെ ഫലപ്രാപ്തിയായും (7.21.26.27.44.46) വിശദീകരിക്കുന്നു. ലൂക്കാതന്നെ രചിച്ചിട്ടുള്ള അപ്പ. പ്രവർത്തനങ്ങളിൽ ഫരിസേയരുടെ പ്രതീക്ഷകളുടെ ഫലമണിയലാണ് യേശുവിന്റെ ഉത്ഥാനമെന്നു താത്ത്വികമായി വിശദമാക്കുന്നുമുണ്ട് (അപ്പ 24,15).

**24,1: ഒന്നാം ദിവസം:** ഞായർ. സാബത്തുദിവസം (ശനി) ആണ് യഹൂദരുടെ ആഴ്ചയുടെ അവസാനദിവസം (ഉത്പ 2,13). ക്രിസ്തുവിന്റെ ഉത്ഥാനം കൊണ്ടാടിയും അപ്പം മുറിച്ചും ആദിമക്രൈസ്തവർ ഞായറാഴ്ചയെ ' കർത്താവിന്റെ ദിവസ'മായി ആചരിച്ചു (അപ്പ 20,7; വെളി 1,10).

**24,3:** 'അവർ അകത്തുകടന്നു നോക്കിയപ്പോൾ ശരീരം കണ്ടില്ല' എന്നാണു ചില കൈയെഴുത്തുപ്രതികളിൽ.

**24,4: രണ്ടുപേർ:** 24,23 അനുസരിച്ച് അവർ മാലാഖമാരാണ് (മത്താ 28,2; അപ്പ 1,10).

**24,9:** കല്ലറയിൽനിന്നു വിസ്മയത്തോടെ മടങ്ങിപ്പോന്ന സ്ത്രീകളെക്കുറിച്ച് മർക്കോ 16,8-ലും പരാമർശമുണ്ട്.

**24,13: അറുപതു സ്താദിയോൺ:** ഏകദേശം 11 കിലോമീറ്റർ ദൂരം. ചില കൈയെഴുത്തുപ്രതികളിൽ 160 സ്താദിയോൺ (അതായത് 28 കിലോമീറ്റർ) എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എമ്മാവൂസ്: ഈ യഹൂദഗ്രാമത്തിന്റെ സ്ഥാനം കൃത്യമായി നിർണയിക്കപ്പെട്ടിട്ടില്ല (1 മക്ക 9,50).

**24,18: ക്ലെയോപാസ്:** യോഹ 19,25-ൽ ക്ലോപാസ് എന്നു വിളിക്കുന്ന വ്യക്തിതന്നെയാകാം. ആദിമക്രൈസ്തവപാരമ്പര്യമനുസരിച്ച് അയാൾ യേശുവിന്റെ നൈയാമികപിതാവായ ജോസഫിന്റെ (3,23) സഹോദരനും ജറുസലേമിന്റെ രണ്ടാമത്തെ മെത്രാനുമായ ശിമയോനാണ് (യുസേബിയൂസ്, സഭാചരിത്രം 3,11; 4,22).

**24,19: വാക്കിലും പ്രവൃത്തിയിലും ശക്തനായ:** അപ്പ 7,22-ൽ മോശയ്ക്കുള്ള വിശേഷണമാണിത്. മോശയെപ്പോലുള്ള (നിയ 18,15) പ്രവചിതപ്രവാചകനാണ് യേശു എന്നു ധ്വനി (അപ്പ 3,22.23; 7,37).

**24,36: 'അവരോട് അരുൾചെയ്തു:** നിങ്ങൾക്കു സമാധാനം!' എന്ന ഭാഗം ചില കൈയെഴുത്തുപ്രതികളിലില്ല.

**24,44:** മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും: പരമ്പരാഗതമായി ഹീബ്രുബൈബിളിനെ മൂന്നുഭാഗങ്ങളായി യഹൂദർ വിഭജിച്ചിരുന്നു. 24,27. ലിഖിതങ്ങളിലെ ഒന്നാമത്തെ ഗ്രന്ഥം സങ്കീർത്തനങ്ങൾ ആണ്. യഹൂദർ ഏറ്റവും കൂടുതൽ ഉപയോഗിച്ചിരുന്ന ഗ്രന്ഥവും അതുതന്നെ. അതിനാലായിരിക്കണം ലിഖിതങ്ങൾ എന്ന സംജ്ഞയ്ക്കു പകരം സങ്കീർത്തനങ്ങൾ എന്ന് ഉപയോഗിച്ചിരിക്കുന്നത്.

**24,49: വാഗ്ദാനം:** ദൈവാത്മാവിനെ വർഷിക്കുമെന്നത് പഴയനിയമത്തിലെ വാഗ്ദാനമാണ് (ഏശ 44,3; എസെ 36,26; ജോയേ 2,28.29; cf. ഗലാ 3,14; എഫേ 1,13).

**24,51: സ്വർഗത്തിലേക്ക്:** യേശുവിന്റെ സ്വർഗാരോഹണം മാത്രമാണ് അപ്പ. പ്രവർത്തനങ്ങൾ എന്ന ലൂക്കായുടെ രണ്ടാമത്തെ ഗ്രന്ഥത്തിൽ ആവർത്തിക്കപ്പെടുന്ന ഏകസംഭവം. പിതാവിന്റെ വലത്തുഭാഗത്തേക്ക് യേശു ഉയർത്തപ്പെട്ടതാണ് ഇതിന്റെ പരിസമാപ്തി (അപ്പ 2,32–35; cf. മർക്കോ 16,19).

**24,53:** ലൂക്കാ തന്റെ സുവിശേഷം ആരംഭിക്കുന്നതും (1,9) അവസാനിപ്പിക്കുന്നതും ജറുസലേം ദേവാലയത്തിലാണ്.